**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6425 11.07.2012 ലെ മറുപടിയ്ക്ക്**

**കാർഷികാദായനികുതിയിനത്തിൽ ലഭ്യമാകുന്ന തുക**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. എ.എ. അസീസ്**<br>**ശ്രീ. കോവൂർ കുഞ്ഞുമോൻ** | **ശ്രീ. കെ.എം. മാണി**<br>**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |

(എ) സംസ്ഥാനത്ത് കാർഷികാദായ നികുതിയിനത്തിൽ ഓരോ വർഷവും ലഭ്യമാകുന്ന തുക എത്രയാണ്;

(എ) കാർഷികാദായ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് മുൻവർഷങ്ങളിൽ ലഭിച്ച വരുമാനം ചുവടെ പറയും പ്രകാരമാണ്:-

| വർഷം | തുക (കോടിയിൽ) |
|---|---|
| 2007-08 | 22.05 |
| 2008-09 | 11.97 |
| 2009-10 | 27.73 |
| 2010-11 | 46.97 |
| 2011-12 | 42.86<br>(അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകൾ പ്രകാരം) |

(ബി) ഏതൊക്കെ വിഭാഗങ്ങളിൽ നിന്നാണ് കാർഷികാദായ നികുതി ലഭ്യമാക്കുന്നത്;

(ബി) അഞ്ചു ഹെക്ടറിൽ കൂടുതൽ ഭൂമിയിൽ നിന്നും കാർഷികാദായം ലഭിക്കുന്ന വ്യക്തികൾ, കമ്പനികൾ ഫേമുകൾ (Firms), കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നീ വിഭാഗങ്ങളിൽ നിന്നാണ് കാർഷികാദായ നികുതി ലഭിക്കുന്നത്.

| | | | |
|---|---|---|---|
| (സി) | കൂടുതൽ മേഖലകളിലേക്ക് കാർഷികാദായ നികുതി വ്യാപിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

Sathya

**സെക്ഷൻ ഓഫീസർ**